**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4926** — **20-07-2022 - ൽ മറുപടിയ്ക്ക്**

**പ്രൈമറി സ്കൂൾ കുട്ടികൾക്കു വേണ്ടിയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രൈമറി സ്കൂൾ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാ പഠനത്തിന് സഹായകരമാകുന്നതിനും അടിസ്ഥാന ഗണിതശേഷി ഉറപ്പാക്കുന്നതിനും ഉതകുംവിധം സർക്കാർ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (എ) | ഉണ്ട്. വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് പ്രയോഗശേഷി ഉയർത്തുന്നതിനനുള്ള 'ഹലോ ഇംഗ്ലീഷ്' സംസാരശേഷി മെച്ചപ്പെടുത്തുന്നതിനുള്ള 'ഇ-ക്യൂബ് ഇംഗ്ലീഷ്', ഇംഗ്ലീഷ് ഭാഷാ ഓൺലൈനായി പഠിക്കുന്നതിനുള്ള പഠന പാക്കേജായ 'ഹലോ വേൾഡ്', 1,2 ക്ലാസ്സുകളിലെ ഗണിതപഠനം കളികളിലൂടെ സാധ്യമാക്കുന്നതിനുള്ള 'ഉല്ലാസഗണിതം' 3,4 ക്ലാസ്സുകളിലെ കുട്ടികളുടെ ഗണിതപഠനം ആസ്വാദ്യകര മാക്കുന്നതിനുള്ള 'ഗണിതവിജയം' എന്നീ പദ്ധതികൾ പ്രൈമറി സ്കൂൾ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാപഠനത്തിനും അടിസ്ഥാനഗണിതശേഷി ഉറപ്പാക്കുന്ന തിനുമായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ